May 10
Mathrubhumi

NAIPUNYA INSTITUTE OF MANAGEMENT & INFORMATION TECHNOLOGY ... PONGAM, KORATTY EAST

# നാടുചുറ്റി കാട്ടുപോത്ത്...

## വട്ടംകറങ്ങി നാട്ടുകാരും വനപാലകരും

**അങ്കമാലി ▸** കാടിറങ്ങിവന്ന പോത്ത്, ജനവാസമേഖലകളിൽ ചുറ്റിക്കറങ്ങി ഭീതിപരത്തുന്നു. കഴിഞ്ഞദിവസങ്ങളിൽ മൂക്കന്നൂർ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ചുറ്റിക്കറങ്ങിയ കാട്ടുപോത്ത്, തിങ്കളാഴ്ച തുറവൂർ പഞ്ചായത്തിലുമെത്തി.

മൂക്കന്നൂർ പാലാ കവലയിൽ തിങ്കളാഴ്ച പുലർച്ചെ കാട്ടുപോത്തിനെ കണ്ടിരുന്നു. ഈ പോത്ത് പള്ളിപ്പടി, കാനാൻദേശം, വാതക്കാട്, കിടങ്ങൂർ ഭാഗങ്ങളിലെത്തി. പിന്നീട് ശിവജിപുരം, യോർദനാപുരം ഭാഗത്തേക്കു പോയി. ആളുകൾ കൂടിയതോടെ പോത്ത് മൂക്കന്നൂർ പഞ്ചായത്തിലേക്ക് മടങ്ങി.

റോഡിലൂടെയും പറമ്പുകളിലൂടെയുമെല്ലാം കന്നുപോകുന്നുണ്ടെങ്കിലും പോത്ത് ശല്യമൊന്നും ഉണ്ടാക്കുന്നില്ല. വാഹനങ്ങൾ വരുമ്പോൾ റോഡരികിൽ ഒതുങ്ങിനിൽക്കും.

നാട്ടുകാർ അറിയിച്ചതിനെ തുടർന്ന് വനംവകുപ്പ് ഉദ്യോഗസ്ഥർ സ്ഥലത്തെത്തി. പോത്തിനെ തിരികെ കാട്ടിലേക്ക് കയറ്റിവിടാനുള്ള ശ്രമത്തിലാണ് വനംവകുപ്പ് ഉദ്യോഗസ്ഥർ. മുമ്പും കാട്ടുപോത്ത് വനമിറങ്ങി എത്തിയിരുന്നു.



തുറവൂർ ശിവജിപുരത്തെത്തിയ കാട്ടുപോത്ത്

അന്ന് ഏറെ പ്രയത്നിച്ച് കാ[ട്ടി]ലേക്ക് കയറ്റിവിട്ടതാണ്. പതി[വാ]യി വന്യജീവികൾ ജനവാസ[മേ]ഖലകളിലെത്തി നാശമുണ്ടാക്[കു]ന്നതിനാൽ മലയോരഗ്രാമങ്ങ[ൾ] ആശങ്കയിലാണ്. മൂക്കന്നൂർ, അയ്യമ്പുഴ, മഞ്ഞപ്ര, കറുകു[റ്റി] പഞ്ചായത്തുകളിലാണ് വന്യ[ജീ]വികളെത്തുന്നത്.

വനത്തോട് ചേർന്നുകിടക്കു[ന്ന] പ്രദേശങ്ങളിലാണ് വന്യജീവി[ക]ളുടെ ശല്യം രൂക്ഷം. ആന, കാ[ട്ടു]പോത്ത്, മ്ലാവ്, കാട്ടുപന്നി, മല[മ്പ]ണ്ണാൻ, കുരങ്ങ് എന്നിവ ജനവാസമേഖലകളിലെത്തി വ്യാപകമായി കൃഷി നശിപ്പിക്കുന്നുണ്ട്.

മൂക്കന്നൂരിൽ ഒരാഴ്ചയായ[ി] എല്ലാദിവസവും ആനയിറങ്[ങു]ന്നുണ്ട്. രണ്ട് ആനകളാണ് എത്തുന്നത്. പടക്കംപൊട്ടിച്ചു[ം] പാട്ടകൊട്ടിയുമൊക്കെയാണ് നാ[ട്ടു]കാർ ഓടിക്കുന്നത്. വന്യജീവി[ക]ൾ പതിവായി എത്താൻതു[ട]ങ്ങിയതിനാൽ പ്രദേശവാസികൾ ഭയാശങ്കയിലാണ്.

# നൈപുണ്യയിൽ സിൽവർ ജൂബിലി ആഘോഷങ്ങൾ തുടങ്ങി

**അങ്കമാലി ▸** പൊങ്ങം നൈപുണ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജിയിൽ സിൽവർ ജൂബിലി ആഘോഷങ്ങൾ തുടങ്ങി. കാലിക്കറ്റ് യൂണിവേഴ്സിറ്റി വൈസ്ചാൻസലർ ഡോ. എം.കെ. ജയരാജ് ഉദ്ഘാടനം ചെയ്തു.

എറണാകുളം-അങ്കമാലി അതിരൂപത മെത്രാപ്പോലീത്തൻ വികാരി ആർച്ച്ബിഷപ്പ് മാർ ആന്റണി കരിയിൽ അധ്യക്ഷത വഹിച്ചു. ബിഷപ്പ് മാർ തോമസ് ചക്യേത്ത്, നൈപുണ്യ സ്ഥാപക ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കളപ്പുരയ്ക്കൽ, മോൺ. ആന്റണി പെരുമായൻ എന്നിവരെ ചടങ്ങിൽ ആദരിച്ചു.



പൊങ്ങം നൈപുണ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി സിൽവർ ജൂബിലി ആഘോഷം കാലിക്കറ്റ് യൂണിവേഴ്സിറ്റി വൈസ്ചാൻസലർ ഡോ. എം.കെ. ജയരാജ് ഉദ്ഘാടനം ചെയ്യുന്നു

ബെന്നി ബഹനാൻ എം.പി., സനീഷ്കുമാർ ജോസഫ് എം.എൽ.എ., മുൻ എം.എൽ.എ. ബി.ഡി. ദേവസി, കൊരട്ടി പഞ്ചായത്ത് പ്രസിഡന്റ് പി.സി. ബിജു, പഞ്ചായത്തംഗം പോൾസി ജിയോ, പ്രിൻസിപ്പൽ ഫാ. പോൾ കൈത്തോട്ടുങ്കൽ, നൈപുണ്യ പബ്ലിക് സ്കൂൾ ഡയറക്ടർ ഫാ. വർഗീസ് പാലാട്ടി, അസിസ്റ്റന്റ് പ്രൊഫ. ബിനി റാണി ജോസ് എന്നിവർ പ്രസംഗിച്ചു.

ഒരു വർഷത്തോളം നീണ്ടുനിൽക്കുന്ന പരിപാടികളാണ് രജതജൂബിലിയോടനുബന്ധിച്ച് ആസൂത്രണം ചെയ്തിട്ടുള്ളത്.

# അഷ്ടലക്ഷ്മി സമർപ്പണം ഇ...

**ചെങ്ങമനാട് ▸** അക്ഷയതൃതീയ മുതൽ തെക്കേ അടുവാശ്ശേരി ശ്രീവാസുദേവപുരം മഹാവിഷ്ണു ക്ഷേത്രത്തിൽ തുടങ്ങിയ അഷ്ടലക്ഷ്മി താംബൂല സമർപ്പണ ഉത്സവം ചൊവ്വാഴ്ച മഹാലക്ഷ്മീ സാന്നിധ്യത്തോടെ സമാപിക്കും.

വർഷത്തിൽ എട്ടുദിവസം മാത്രം നടക്കുന്ന അപൂർവ ചട[ങ്ങാ]ണിത്. ഈ ദിവസങ്ങളിൽ ലക്ഷ്മീദേവി എട്ടുഭാവങ്ങളിൽ ഭക്തർക്ക് ദർശനം നൽകുമെന്നാ...



കപ്രശ്ശേരി ശ്രീകൃഷ്ണസ്വാമി ക്ഷേത്ര... ന് തുടക്കംകുറിച്ച് യജ്ഞാചാര്യൻ ... പ്രഭാഷണം നടത്തുന്നു

# ഗാന്ധി ലോകസമാധാനത്തിന്റെ ഊർജം: ബെന്നി ബഹനാൻ എം.പി.

# വിശ്വകർമ ക്ഷേത്ര...